# വാർഷിക അവലോകന റിപ്പോർട്ട് 2022-23

## ഇലക്ട്രോണിക്സ് & കമ്പ്യൂട്ടർ സയൻസ് വകുപ്പ്

കോളേജ് 75 ആം വാർഷികം ആഘോഷിച്ച 2022-23 ഇൽ ഇലക്ട്രോണിക്സ് വകുപ്പും കമ്പ്യൂട്ടർ സയൻസ് വകുപ്പും കൂടി വിവിധങ്ങളായ പരിപാടികൾ ആണ് നടത്തിയത്. അതിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു

1. മുൻ വിദ്യാർത്ഥിയും ഫ്രാൻസിൽ ഉന്നത ശാസ്ത്രജ്ഞനും ആയ ഡോ. വിപിൻ നടത്തിയ ആർ എഫ് എഞ്ചിനീയറിങ്ങിനെ പറ്റിയുള്ള സെമിനാർ
2. മുൻ വിദ്യാർത്ഥി ആയ ടൈറ്റസ് നടത്തിയ വ്യാവസായിക എഞ്ചിനീയറിങ്ങിനെ പറ്റിയുള്ള സെമിനാർ
3. കുടുംബശ്രീ/ഹരിത കർമ്മ സേന പ്രവർത്തകർക്ക് ആയി നടത്തിയ എൽ.ഇ.ഡി. ബൾബ് നിർമാണ ശില്പശാല
4. പ്ലാറ്റിനം ജൂബിലി പ്രദർശനങ്ങൾ
5. ഹാം റേഡിയോ പ്രവർത്തി പരിചയം

വകുപ്പിലെ വിദ്യാർത്ഥികൾ പഠന നിലവാരത്തിലും ഉന്നതർ ആണെന്ന് തെളിയിക്കുന്നത് ആണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി തലത്തിൽ റുമൈസ പർവീൻ, ശ്രീരാജ, ശ്രിയ എന്നീ മൂന്ന് വിദ്യാർത്ഥികൾ നേടിയ റാങ്കുകൾ.

കലാ കായിക മത്സരങ്ങളിലും വിദ്യാർത്ഥികൾ പലവിധങ്ങളായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. അവയിൽ എടുത്ത് പറയാവുന്നവ ആണ് കാലിക്കറ് യൂണിവേഴ്സിറ്റി ഇൻറ്റർ സോൺ കളരിപ്പയറ്റ മത്സരത്തിൽ ഷാരോൺ നേടിയ വെങ്കല മെഡൽ, ഇൻറ്റർ സോൺ, എ സോൺ മത്സരങ്ങളിൽ വകുപ്പിലെ അശ്വിൻ, ബിബിൻ, അഭിജിത്, ജിത്തു, ശബരിഗിശൻ, സിബിൻ , ശ്രീകാന്ത് തുടങ്ങിയ വിവിധ കുട്ടികളുടെ മിന്നുന്ന വിജയങ്ങൾ എന്നിവ.

വകുപ്പ് സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലുന്നതിന് ഉദാഹരണമാണ് അട്ടപ്പാടി കള്ളിമല ഊരിലെ വായനശാലയിൽ വകുപ്പ് നിർമിച്ച് നൽകിയ സോളാർ ലൈറ്റ്, ചിറ്റൂർ തത്തമംഗലം നഗരസഭയിലെ കേടുവന്ന വിളക്കുകളുടെ നന്നാക്കൽ എന്നിവ. വകുപ്പിലെ സാമൂഹിക ബോധം വിളിച്ച് ഉണർത്തിയ ലഹരിക്ക് എതിരെ മനുഷ്യ ചങ്ങല വൻ വിജയം കൈവരിച്ചു